# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2697 12.10.2011 - ൽ മറുപടിയ്ക്ക്**

<u>നൂറ്ദിന കർമ്മപദ്ധതികൾ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. സി. എൻ.ബാലകൃഷ്ണൻ
(സഹകരണ വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| | സർക്കാരിന്റെ നൂറ്ദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്ന് വെളിപ്പെടുത്താമോ? | | സർക്കാരിന്റെ നൂറ്ദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന് കീഴിൽ പ്രഖ്യാപിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്: |
| | | 1. | വകുപ്പിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്. |
| | | 2 | സഹകരണ വകുപ്പിലെ സംസ്ഥാനതല ആഫീസിനേയും ജില്ലാതല താലൂക്ക് തല ആഫീസുകളെയും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചു കൊണ്ട്, സംഘം രജിസ്ട്രേഷൻ, ഇൻഫർമേഷൻ സിസ്റ്റം, റവന്യൂ കളക്ഷൻ, ആഡിറ്റ്, കേസുകൾ തുടങ്ങി വകുപ്പിലെ എല്ലാ കാര്യങ്ങൾക്കും ഉതകുന്ന തരത്തിൽ ഒരു സ്വതന്ത്ര സോഫ്റ്റ് വെയർ വികസിപ്പിച്ച് ഇ ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു ജില്ലയിൽ പൈലറ്റ് പ്രോജക്ട് ആയി നടപ്പിലാക്കുന്നത് |
| | | 3. | 2011 ജൂൺമുതൽ 100 ദിവസം ആഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്ന കാലയളവായി ആചരിച്ച്, ടി കാലയളവിൽ ആഡിറ്റ് കുടിശ്ശിക പ്രത്യേകിച്ച് |

| | | | |
|---|---|---|---|
| | | | കയർ, കൈത്തറി, പട്ടികജാതി, വനിതാ സഹകരണ സംഘങ്ങളുടെ ആഡിറ്റ് കുടിശ്ശിക തീർക്കുന്നത് |
| | | 4. | (എ) കൺസ്യൂമർഫെഡ് വരുന്ന നൂറുദിവസത്തിനുള്ളിൽ നിലവിലുള്ള 180 സൂപ്പർ മാർക്കറ്റുകൾക്കുപുറമേ 15 ത്രിവേണി സൂപ്പർ മാർക്കറ്റുകളും, 4 സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകളും, 2 ഒഴുകുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നത്.<br><br>(ബി) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 10 നീതി മെഡിക്കൽസ്റ്റോറുകളും, സഹകരണ സംഘങ്ങൾ വഴി 15 നീതി മെഡിക്കൽ സ്റ്റോറുകളും ഉൾപ്പെടെ 25 നീതി മെഡിക്കൽ സ്റ്റോറുകളും, ഇതോടൊപ്പം 4 മെഡിക്കൽ വെയർ ഹൗസുകളും ആരംഭിക്കുന്നത്.<br>(സി) നിലവിലുള്ള 8 കോഫിഹൗസുകൾക്കു പുറമെ ഗുരുവായൂരും, പുനലൂരും പുതുതായി രണ്ടു ത്രിവേണി കോഫിഹൗസുകൾ ആരംഭിക്കുന്നത്.<br>(ഡി) ആഗസ്റ്റ് 1 മുതൽ 14 ജില്ലാ ആസ്ഥാനങ്ങളിലും, ആഗസ്റ്റ് 10 മുതൽ 140 നിയോജകമണ്ഡലാടിസ്ഥാനത്തിലും ഓണം സ്പെഷ്യൽ സഹകരണ വിപണന മേളകൾ സംഘടിപ്പിക്കുന്നത്.<br>(ഇ) ആഗസ്റ്റ് 10 മുതൽ സഹകരണ സംഘങ്ങൾ / ബാങ്കുകൾ, ത്രിവേണി നീതി സ്റ്റോറുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ 3000 ഓണം സ്പെഷ്യൽ സഹകരണ വിപണന മേളകൾ സംഘടിപ്പിച്ച് ഓണം സ്പെഷ്യൽ വിഭവങ്ങൾ ഉൾപ്പെടെ 32 ഇനം നിത്യോപയോഗ സാധനങ്ങൾ 20 ശതമാനം മുതൽ 40 ശതമാനം വരെ ഇത്തരം വിപണന മേളകളിൽ കൂടി വില കുറച്ച് വില്പന നടത്തുന്നത് |
| | | 5. | സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ സർക്കാർ സാമ്പത്തിക സഹായത്തോടെ നടത്തി വന്നിരുന്ന |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി SPCS ഈ 100 ദിവസത്തിനുള്ളിൽ 50 പുസ്തകങ്ങൾ പുതുതായി പ്രസിദ്ധീകരിക്കുന്നത് |
| | | 6 | കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4420 -ന്റെ ആഭിമുഖ്യത്തിൽ ഒരു ഫാർമസി കോളേജ് ആരംഭിക്കുന്നത്. |
| | | 7 | പുന്നപ്ര സഹകരണ ആശുപത്രിയിൽ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയ കാർഡിയാക് സെന്ററും, ബ്ലഡ് ബാങ്കും ആരംഭിക്കുന്നത്. |
| | | 8 | 2010-2011 പദ്ധതി കാലയളവിൽ സർക്കാർ നൽകിയ ധനസഹായം വിനിയോഗിച്ച്<br>(എ) കണ്ണൂർ ജില്ലയിലെ, കരാറിനകം സർവ്വീസ് സഹകരണ ബാങ്ക് ഒരു കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നത്.<br>(ബി) തൃശ്ശൂർ ജില്ലയിലെ, കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ഒരു കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നത്.<br>(സി) തൃശ്ശൂർ ജില്ലയിലെ, പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ഒരു കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നത്.<br>(ഡി) തിരുവനന്തപുരം ജില്ലയിലെ, നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് എന്നിവയിൽ ഓരോ കൊപ്ര സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നത്. |
| | | 9 | കോട്ടയം ജില്ലയിലെ, നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള അരിമില്ലിന്റെ നവീകരണം പൂർത്തിയാക്കുന്നത്. |
| | | 10 | തൃശ്ശൂർ ജില്ലാ നെല്ല് സംസ്കരണ വിപണന സഹകരണ സംഘം സർക്കാർ /NCDC ധനസഹായത്തോടെ പുനരുദ്ധരിക്കുന്നത് |

| | | | |
|---|---|---|---|
| | | 11. | ആല്പ്പഴജില്ലയിലെ, ചതുർത്ഥ്യാകരി സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു സീഡ് സ്റ്റോർ ആരംഭിക്കുന്നത്. |
| | | 12 | വയനാട് ജില്ലയിലെ, തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 'ഗന്ധകശാല' അരി സംസ്കരണത്തിനായുള്ള അരിമില്ലിന് തറക്കല്ലിടുന്നത്. |
| | | 13 | വയനാട് ജില്ലയിലെ, മാനന്തവാടിയിൽ പ്രിയദർശിനി റ്റീ എസ്റ്റേറ്റിൽ സംസ്ഥാന പദ്ധതി പ്രകാരം അനുവദിച്ച ടൂറിസം എക്സ്റ്റെൻഷൻ സെന്റർ ആരംഭിക്കുന്നത് . |
| | | 14 | വയനാട് ജില്ലയിലെ തൊണ്ടർനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഐ.സി.ഡി.പി ധന സഹായത്തോടെയുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നത്. |
| | | 15. | മാനന്തവാടി പ്രിന്റിംഗ് സഹകരണ സംഘത്തിൽ ഐ.സി.ഡി.പി പദ്ധതിയിൻ കീഴിൽ ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് മെഷ്യൻ സ്ഥാപിക്കുന്നത്. |
| | | 16 | സഹകരണസംഘങ്ങളുടെയും ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുവേണ്ടിയും വായ്പാക്കാർക്ക് ആശ്വാസം ലഭിക്കുന്നതിനുമായി 45 ദിവസക്കാലയളവിലേക്ക്, പ്രത്യേക ഇളവുകൾ നൽകി ഒരു കടിശ്ശിക നിവാരണം പദ്ധതി നടപ്പിലാക്കുന്നത്. |
| | | 17 | പട്ടിക ജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെയും വനിതാ സഹകരണ സംഘങ്ങളുടെയും ഭരണസമിതി അംഗങ്ങൾക്കായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നത്. |
| | | 18 | പ്രാഥമിക ഹൗസിംഗ് സംഘങ്ങളിൽ കടം കണക്ക് അവസാനിപ്പിച്ചിട്ടും ഹൗസിംഗ് |

| | | | |
|---|---|---|---|
| | | | ഫെഡറേഷനിൽ പ്രാഥമിക സംഘങ്ങളിൽ കടം കണക്ക് അവസാനിപ്പിക്കാത്ത കേസുകളിൽ ആധാരം വ്യക്തികൾക്ക് മടക്കി നൽകാൻ കഴിയാതിരുന്ന 50 ആധാരങ്ങൾ മടക്കി നൽകുന്നത്. |

സെക്ഷൻ ഓഫീസർ